I/91243/2023

<u>മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം</u>
<u>തിരുവനന്തപുരം</u>

വിഷയം:- തദ്ദേശസ്വയംഭരണ പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം -തിരുവനന്തപുരം – സാങ്കേതികവിഭാഗം – പത്തനംതിട്ട ജില്ല -പത്തനംതിട്ട നഗരസഭ പത്തനംതിട്ട വില്ലേജ്- വാണിജ്യ കെട്ടിട നിർമ്മാണം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. പത്തനംതിട്ട നഗരസഭ സെക്രട്ടറിയുടെ 06/05/2022 ലെ BA/153 /2021-22 നമ്പർ കത്ത്.
2. പത്തനംതിട്ട ടൗൺ പ്ലാനറുടെ 07/12/2022 ലെ TCPPTA/441 /2022-C നമ്പർ കത്ത്.

===========================================================

<u>കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം</u>

ഉത്തരവ്. നം. TCPCTP/3037/2022-C3 തീയതി:17-04-2023

===========================================================

പത്തനംതിട്ട ജില്ലയിലെ പത്തനംതിട്ട നഗരസഭ പരിധിയിലുള്ള പത്തനംതിട്ട വില്ലേജിൽ സർവ്വേ നമ്പർ പി31/1എ-12-2, പി31/1എ-12-3, പി31/1എ-12-4, 31/1എ-12-5 എന്നിവയിൽപ്പെട്ട 1214 ച.മീ സ്ഥലത്ത് ആകെ 1559.40 വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം (സെല്ലാർ + ഗ്രൗണ്ട് + ഫസ്റ്റ് + സ്റ്റെയർ നിലകളുള്ള) നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.എബി എബ്രഹാം, ഷീന എബ്രഹാം, സാം എബ്രഹാം, മുത്തങ്ങാപറമ്പിൽ, വട്ടിപ്പുറം, പത്തനംതിട്ട-689645-ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും, വിധേയമായി പ്രസിദ്ധീകരിച്ച പത്തനംതിട്ട മാസ്റ്റർപ്ലാൻ പ്രകാരമുള്ള കൺകറൻസ്, അംഗീകാരം നൽകി ഉത്തരവാകുന്നു.

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും, കെ.എം.ബി.ആർ 2019 ലെ ചട്ടം 5(4) പ്രകാരം നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി / N.O.C എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണ അനുമതി /ഒക്കുപൻസി നൽകുവാൻ പാടുള്ളൂ.
2. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 കെ.എം.ബി.ആർ 2019 ലെ ചട്ടം 9 (2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ , വിസ്തൃതി, അതിരുകൾ, അളവുകൾ അപേക്ഷകന്റെ നിർമ്മാണവകാശം, നിർദിഷ്ട്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല എന്നിവ ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.

അപേക്ഷകരുടെ വക തുടർച്ചയായി വരുന്ന മുഴുവൻ സ്ഥലവും സൈറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തണം. പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന എല്ലാ അളവുകളും വിശദാംശങ്ങളും. ശരിയാണെന്ന് ഉറപ്പ് വരുത്തണം.

3. പ്ലോട്ടിൽ വരുത്തിയിട്ടുള്ള ഭൂവികസനം ബാധകമെങ്കിൽ ബന്ധപ്പെട്ട ഏജൻസികളുടെ അംഗീകാരത്തോടെയും 2008 ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം , അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവയ്ക്ക് വിരുദ്ധമല്ല എന്ന് മുൻസിപ്പൽ സെക്രട്ടറി ഉറപ്പ് വരുത്തിയിരിക്കണം. പ്ലോട്ടിൽ വീഴുന്ന മഴവെള്ളം സമീപ റോഡിലേയ്ക്ക് നേരിട്ട് വീഴാത്ത രീതിയിൽ റീചാർജ്ജിംഗ് / ഡ്രെയിനേജ് സംവിധാനം സജ്ജീകരിക്കണം.
4. കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (കെ.എം.ബി.ആർ 2019) ചട്ടം 5 (6) (C), യിലെ ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് കൺകറൻസ് അംഗീകാരം നൽകുന്നത് എന്നതിനാൽ പ്രസ്തുത നിർമ്മാണം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (കെ.എം.ബി.ആർ 2019) ലെ മറ്റ് ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിർമ്മാണങ്ങൾക്കും അനുസൃതമാണെന്ന് മുനിസിപ്പൽ സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം. വിശിഷ്യാ, കെ.എം.ബി.ആർ 2019, ചട്ടം 29, 34, 42, 79 എന്നിവ പ്രകാരമുള്ള സംവിധാനങ്ങൾ സജ്ജീകരിച്ചിരിക്കണം.
5. പ്ലോട്ടിനടുത്തു കൂടി ഹൈ ടെൻഷൻ ലൈൻ കടന്നു പോകുന്നു എന്നതിനാൽ പ്രസ്തുത നിർമ്മാണ സമയത്ത് അപകടങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുള്ള സജ്ജീകരണം അപേക്ഷകനും, രജിസ്റ്റേർഡ് എഞ്ചിനീയറും ഉറപ്പു വരുത്തണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺപ്ലാനറുടെഉത്തരവിൻ പ്രകാരം

ഉള്ളടക്കം: ഒരു സെറ്റ് പ്ലാൻ

Signed by
Famidha Yoosaf M — ഫമിദാ യൂസഫ്.എം
Date: 17-04-2023 12:57:08 — ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

സെക്രട്ടറി, പത്തനംതിട്ട നഗരസഭ

പകർപ്പ്:-

1. ടൗൺപ്ലാനർ, പത്തനംതിട്ട
2. എബി എബ്രഹാം, ഷീന എബ്രഹാം, സാം എബ്രഹാം, മുത്തങ്ങാപറമ്പിൽ,

)1243/2023

വട്ടിപ്പുറം, പത്തനംതിട്ട-689645

3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

Sr05042023